**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1292** **30-08-2022 - ൽ മറുപടിയ്ക്ക്**

**ബീച്ച് ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കടൽത്തീര ശോഷണം മൂലം നിലവിലുള്ള ബീച്ച് ടൂറിസം പദ്ധതികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | കടൽത്തീര ശോഷണം മൂലം ബീച്ച് ടൂറിസത്തിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ബേക്കൽ മുതൽ തിരുവനന്തപുരം കോവളം വരെയുള്ള ചെറുതും വലുതുമായ എല്ലാ ബീച്ച് ടൂറിസം പദ്ധതികളെയും ഏകോപിപ്പിച്ചുകൊണ്ട് ബീച്ച് ടൂറിസം സർക്യൂട്ട് എന്ന പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പരിശോധിക്കാവുന്നതാണ്. |
| (സി) | നിലവിലുള്ള ബീച്ച് ടൂറിസം പദ്ധതികളെ കാലാനുസൃതമായി നവീകരിക്കുന്നതിനും വിനോദസഞ്ചാരികൾക്ക് പ്രസ്തുത മേഖലകളിൽ സുരക്ഷിതമായ താമസസൗകര്യവും യാത്രാസൗകര്യവും ഒരുക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | **ബീച്ച് ടൂറിസം പദ്ധതികളെ നവീകരിക്കുന്നതിന് വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കൂടുതൽ താമസസൗകര്യം ഒരുക്കാൻ ഉള്ള പദ്ധതികളും നടപ്പാക്കി വരുന്നു.** |
| (ഡി) | സാധ്യതയ്ക്കനുസരിച്ച് പുതുതായി ബീച്ച് ടൂറിസം സൈറ്റുകൾ ആരംഭിക്കുന്നതിനും ഫിഷർമാൻ വില്ലേജുകളുമായി അവയെ സംയോജിപ്പിക്കുന്നതിനും അതുവഴി തദ്ദേശ ജനതയുടെ പങ്കാളിത്തവും പുരോഗതിയും ഉറപ്പാക്കി ജനകീയ ബീച്ച് ടൂറിസം പദ്ധതിയ്ക്ക് രൂപം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | **ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ